# സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
എറണാകുളം ജില്ലാ കാര്യലയം
e-mail:doekm.ksad@kerala.gov.in

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030
ഫോൺ 0484 2422271
email:doekm.ksad@kerala.gov.in

നം.കെ.എസ്.എ.-ഇ കെ എം(ബിപി)290/2019

തീയതി .07.03.2019

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് ,കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം : കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡവലപ്പ് മെന്റ് കമ്മീഷണർ,എറണാകുളം
3)കാര്യാലയ പകർപ്പ്.

നം.KSAEKM.(ബി.പി.) 290/2019 തീയതി. 07.03.2019

എറണാകുളം ജില്ലയിലെ കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.4.2017 മുതൽ 31.12.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | കെ ജി മിനിമോൾ,<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.02.2019 മുതൽ 21.02.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | റഷീദ് സി എം,<br>അസി: ഓഡിറ്റ് ഓഫീസർ |
| | ഷിബു പൗലോസ് ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | നവാസ് സി എം ,<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡന്റ് | ശ്രീമതി.റഷീദ സലീം | 01.04.2017 | 31.03.2018 |
| സെക്രട്ടറി | ശ്രീ. ഫിലിപ്പ് ജോസഫ് | 1.04.2017 | 8.6.2017 |
| | ശ്രീ.എം വി ഉമ്മർ<br>(സെക്രട്ടറി ഇൻ ചാർജ്) | 9.06.2017 | 24.09.2017 |
| | ശ്രീ.കെ എച്ച് നാസർ<br>(സെക്രട്ടറി ഇൻചാർജ്) | 25.09.2017 | 3.1.2018 |
| | ശ്രീ.ലിജോമോൻ എസ് | 4.1.2018 | 31.3.2018 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | | |
|---|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ. വർഗ്ഗീസ് സി.ഡി | 01.04.2017 | 30.04.2017 |
| | ശ്രീ.തങ്കച്ചൻ പി ജെ | 01.05.2017 | 31.03.2018 |

| | | | |
|---|---|---|---|
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, വാരപ്പെട്ടി | ഡോ. അനിത എൻ. ഷേണായ് | 01.04.2017 | 12.06.2017 (പൂർവ്വാഹ്നം) |
| | ഡോ.ബിന്ദു | 12.06.2017 (അപരാഹ്നം) | 31.03.2018 |
| അസിസ്റ്റന്റ് കൃഷി ഡയറക്ടർ | ശ്രീമതി. ലിസ്സി ആന്റണി. കെ | 01.04.2017 | 31.03.2018 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.ബിന്ദു.എസ് | 01.04.2017 | 28.12.2017 |
| | ശ്രീമതി. റസീന റ്റി എ | 29.12.2017 | 31.03.2018 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. മെറീന പോൾ | 01.04.2017 | 12.06.2017 (പൂർവ്വാഹ്നം) |
| | ശ്രീമതി.സുപ്രിയ ദേവി എസ് ആർ | 12.06.2017 (അപരാഹ്നം) | 31.03.2018 |
| ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | ശ്രീമതി. ജുമൈല ബീവി ഒ. | 01.04.2017 | 30.06.2017 |
| | ശ്രീമതി.മേരി പി ജെ | 01.07.2017 | 31.03.2018 |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| | ഭാഗം 2<br>വരവ് കണക്കുകളിൽ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 10 | ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന ലേല തുക സർക്കാരിലേക്ക് അടച്ചു | 2-1 |
| | ഭാഗം- 3<br>ചെലവ് കണക്കുകളിൽ മേലുള്ള ഓഡിറ്റ് നിരീക്ഷണൾ | |
| 11 | കെട്ടിട നിർമ്മാണം -ബിൽഡിംഗ് പെർമിറ്റ് ഇല്ല | 3-1 |
| 12 | സോളാർ ലൈറ്റ് - പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കണം | 3-2 |
| 13 | റോഡ് ശ്മശാന നിർമ്മാണ സ്ഥലങ്ങളിൽ നിന്ന് മണ്ണ് കടത്തൽ തുടർ നടപടി സ്വീകരിച്ചില്ല. | 3-3 |
| 14 | തുക തിരിച്ചടച്ചില്ല | 3-4 |
| 15 | ക്ഷേമനിധി വിഹിതം- കളക്ഷൻ ചാർജ്ജ് - ഈടാക്കുന്നില്ല | 3-5 |

| | | |
|---|---|---|
| 16 | മരാമത്ത് പ്രവൃത്തികൾ - നടപടികളുടെ വിവരം ലഭ്യമല്ല | 3-6 |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 17 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 18 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 19 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 20 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 21 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 22 | ഓഡിറ്റ് റിക്കവറി | 4-6 |
| 23 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 24 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 25 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 26 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 27 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 28 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം.2 |
| 29 | ബാലൻസ് ഷീറ്റ് | അനുബന്ധം.3 |
| 30 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 |
| 31 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.5 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

. 2017-18 വർഷത്തെ ബജറ്റ് 31.03.2017 തീയതിലെ സാധാരണ യോഗത്തിലെ 75(7) -ാം നമ്പർ കമ്മറ്റി തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സമിതി യോഗം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2018 | 2.6.2018 |

.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വാർഷിക ധനകാര്യ പത്രിക പരിശോധിച്ച, ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 5.10.2018 - 6.10.2018 | നം.കെ.എസ്.എ-ഇ.കെ.എം(ബി പി ) 2063/2018 തീയതി 11.10.18 |

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേമെന്റ് അക്കൗണ്ട് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (വാർഷിക ധനകാര്യ പത്രിക പ്രകാരം)

.

| | |
|---|---|
| മുന്നിരിപ്പ് | 5,32,89,491.81 |
| വരവ് | 107819556.00 |
| ആകെ | 161109047.81 |
| ചെലവ് | 115655327.00 |
| നീക്കിയിരിപ്പ് | 45453720.81 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

.

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീ ക്കി ബാക്കി (RP40B) | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 59179450 | 59179450 | 49022563 | | 10156887 |
| വികസന ഫണ്ട് (എസ്.സി.പി) | | 11397000 | 11397000 | 9814339 | | 1582661 |
| വികസന ഫണ്ട് (ടി. എസ്. പി) | | 3656000 | 3656000 | 2429144 | | 1226856 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | - | - | - | - | - | |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 8200326 | 8200326 | 7693644 | - | 506682 |
| ജനറൽ പർപ്പസ് ഫണ്ട് | 2764749 | 5871145 | 8635894 | 5224243 | 3411651 | |
| ഐ എ വൈ പ്ലാൻ | 38651757 | 29577198 | 68228955 | 39935384 | 28293571 | |
| റ്റി എസ് പി പ്ലാൻ | 8328725 | 1686541 | 10015266 | 1197761 | 8817505 | |
| പ്ലാൻ 13257 | 1297643 | 272197 | 1569840 | 158416 | 1411424 | |

| | | | | | | |
|---|---|---|---|---|---|---|
| ഐ എ വൈ അഡ്മിൻ | 49994 | 1092 | 51086 | 29296 | 21790 | |
| ഐ ഡബ്ല്യ ഡബ്ല്യ പി | 4637 | 175 | 4812 | 71 | 4741 | |
| റ്റി എസ് സി | 2133365 | 270975 | 2404340 | 717876 | 1686464 | |
| ഐ എ വൈ ലോൺ | 58621 | - | 58621 | - | 58621 | |
| പി എൻ ബി , എം കെ എസ് പി | - | 60063 | 60063 | 60000 | 63 | |
| ട്രഷറി സ്പെഷ്യൽ റ്റി എസ് പി | - | 6339330 | 6339330 | 4597165 | 1742165 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 181 | 85185405 | 112 | 68759690 | 69 | - | 61.88 |

## 1-7 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.02.2019 ന് ഹെഡ് ക്ലാർക്കിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ടി ദിവസം പണമിടപാടുകൾ നടന്നിട്ടില്ലായെന്ന് ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.04.2018 മുതൽ 26.04.2018 വരെ | 2017-18 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.01.2014 | 2010-11മുതൽ 2012-13വരെ | 13.02.2014 |

## 1-9 ആഭ്യന്തരനിയന്ത്രണം

1.ആസ്തി രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിക്കുന്നില്ല. ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ അതത് വർഷം രജിസ്റ്ററിൽ ഉൾപ്പെടുത്തി പുതുക്കി തയ്യാറാക്കേണ്ടതാണ്.

2. ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ നിർദ്ദേശങ്ങളുടെ സമയബന്ധിതമായ നിർവ്വഹണം ഉറപ്പ് വരുത്തുന്നില്ല.ഖണ്ഡിക നമ്പർ 3-3, 3-4, 3-5 എന്നിവ കണ്ടാലും.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന ലേല തുക സർക്കാരിലേക്ക് അടവാക്കി

നേര്യമംഗലം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സ്ഥലം കൃഷി ആവശ്യത്തിന് ലേലത്തിൽ നൽകിയതിന് ലഭിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ അടക്കേണ്ടതിന് പകരം സർക്കാരിലേക്കാണ് അടവാക്കിയത്. 12/05/2017 ലെ ലേല പരസ്യം 159/2017ന്റെ അടിസ്ഥാനത്തിൽ 20.05.2017 ന് നടത്തിയ ലേലത്തിൽ ഉയർന്ന തുകയായ 13000 രൂപ ലേലം കൊണ്ട ശ്രീ കെ ബി സുനിൽ മണിയൻപാറ എന്ന വ്യക്തിക്കാണ് ലേലം ഉറപ്പിച്ച നൽകിയത്. ലേലക്കാരനിൽ നിന്ന് ലഭിച്ച തുക 10.07.2017 ൽ 0210-03-105-99 എന്ന ഹെഡിലാണ് അടവാക്കിയത്.ഇക്കാര്യം സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് 16.02.2019 ൽ ഓഡിറ്റ് എൻക്വയറിക്ക് (നം 2) 20.02.2019 ൽ നൽകിയ 61/2019 നമ്പർ മറുപടിയിൽ ബ്ലോക്ക് പഞ്ചായത്തിലേക്ക് അടക്കണമെന്ന് അറിയില്ലാതിരുന്നത് കൊണ്ടാണ് സർക്കാരിലേക്ക് അടവാക്കിയത് എന്നറിയിച്ചു. ലേലനടപടികൾക്ക് അംഗീകാരം നൽകിയ 3.6.2017 ലെ 119/17 നമ്പർ ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ അനുമതി വാങ്ങാതെയാണ് ലേല നടപടികൾ സ്വീകരിച്ചത് എന്നും മെഡിക്കൽ ഓഫീസറെ അറിയിച്ചിട്ടുണ്ട്. എച്ച് എം സി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ലേല നടപടികൾ ആരംഭിച്ചത് എന്നും ഭാവിയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ മുൻകൂർ അനുമതിയോടെ മാത്രമേ ലേല നടപടികൾ സ്വീകരിക്കുകയുള്ളു എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ലേലനടപടികൾ ചട്ട പ്രകാരം നടത്തേണ്ടതും, വരുമാനം തദ്ദേശഭരണ സ്ഥാപനത്തിനു തന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കെട്ടിട നിർമ്മാണം -ബിൽഡിംഗ് പെർമിറ്റ് ഇല്ല

ബ്ലോക്ക് പഞ്ചായത്തിന് വേണ്ടി നിർമ്മിക്കുന്ന കെട്ടിടത്തിന് നഗരസഭയിൽ നിന്ന് ലഭിക്കേണ്ട ബിൽഡിംഗ് പെർമിറ്റ് ലഭിച്ചിട്ടില്ല. അപാകത സംബന്ധിച്ച് 15.02.2019 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 1) 16.02.2019 ന് നൽകിയ മറുപടി കൂടി പരിഗണിച്ചാണ് ഓഡിറ്റ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്.

കെട്ടിടത്തിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| താലൂക്ക് | കോതമംഗലം |
| വില്ലേജ് | കോതമംഗലം |
| സർവ്വെ നമ്പർ | 993/2 |
| വിസ്തീർണ്ണം | 30.35 ആർ |
| കെട്ടിട വിസ്തീർണ്ണം | 1008 എം സ്ക്വയർ |

.

പ്രൊജക്റ്റ് നമ്പർ S0082/18 പ്രകാരം ആവിഷ്കരിച്ച് നടപ്പാക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിക്കുന്ന ഘട്ടത്തിലാണ്. 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം (7) പ്രകാരം കേന്ദ്ര / സംസ്ഥാന സർക്കാർ ഒഴികെയുള്ളവർ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ബിൽഡിംഗ് പെർമിറ്റ് ആവശ്യമാണ്.ബ്ലോക്ക് പഞ്ചായത്ത് 19/05/2018 ൽ 756/2018 പ്രകാരം ബിൽഡിംഗ് പെർമിറ്റ് അപേക്ഷ നൽകിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് ലഭിച്ചില്ല. ആധാരത്തിന്റെ ഒറിജിനൽ ലഭ്യമല്ലാത്തതിനാലാണ് പെർമിറ്റ് ലഭിക്കാതിരുന്നത് എന്ന് മറുപടിയിൽ അറിയിച്ചു. അവശ്യമായ നടപടികൾ സ്വീകരിച്ച് ബിൽഡിംഗ് പെർമിറ്റ് നേടുന്നതാണ് എന്നും മറുപടിയിൽ അറിയിച്ചു. ആധാരത്തിന്റെ ഒറിജിനൽ ഉൾപ്പെടെ ലഭ്യമാക്കി തദ്ദേശ സ്വയംഭരണ സ്വയംഭരണ സ്ഥാപനത്തിൽ

നിന്നും ബിൽഡിംഗ് പെർമിറ്റ് നേടി ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-2 സോളാർ ലൈറ്റ് - പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കണം

ബ്ലോക്ക് പഞ്ചായത്ത് 2017-18 ൽ നടപ്പാക്കിയ സോളാർ പാനൽ സ്ഥാപിക്കൽ എന്ന പ്രൊജക്റ്റ് സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല. അപാകതകൾ സംബന്ധിച്ച് 16.02.2019 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 3) 20.02.2019 ൽ നൽകിയ മറുപടി കൂടി പരിഗണിച്ചാണ് ഓഡിറ്റ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ/ പേര് | S0068/18, ബ്ലോക്ക് പഞ്ചായത്തിലും ഘടകസ്ഥാപനങ്ങളിലും സോളാർ ലൈറ്റ് സ്ഥാപിക്കൽ |
| അടങ്കൽ | പൊതുവിഭാഗം - 1550000 |
| ചെലവ് | 1540000<br>ട്രഷറി ബിൽ നമ്പർ 56/2017-18/18.3.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും, ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി കെ എസ് ഇ ബി ക്ക് കൈമാറി ഗ്രിഡിൽ നിന്ന് ഉപയോഗിക്കുന്ന വൈദ്യുതിയുമായി തട്ടിക്കിഴിച്ച് ബിൽ ചെയ്യുന്ന ഗ്രിഡ് ഇന്ററാക്ടീവ് ഡിസ്ട്രിബ്യൂട്ടഡ് സോളാർ എനർജി സിസ്റ്റം( ഓൺ ഗ്രിഡ് ) പ്രകാരം 20 KW SP സോളാർ പ്ലാന്റാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി & റൂറൽ ടെക്നോളജി (അനർട്ട്) യെയാണ് 02.05.2017 ലെ 94/2017 നമ്പർ കമ്മറ്റി തീരുമാന പ്രകാരം പ്രൊജക്റ്റ് നിർവ്വഹണത്തിന് തെരഞ്ഞെടുത്തത്. അനർട്ടിന്റെ 09/11/2017 ലെ 54/SPP/Dp.WANERT(EKM) 2917 നം കത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം തിരഞ്ഞെടുത്തത്. അനർട്ടിന്റെ 12/03/2018 ലെ 54/Kothamangalam Block /SPP/DpW/ANERT(EKM)/2018 ഇൻവോയ്സ് പ്രകാരം 1540000 രൂപയാണ് പ്രൊജക്റ്റ് ചെലവ്.

പ്രൊജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

1.ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കെ എസ് ഇ ബി ക്ക് 17.10.2017 ൽ നൽകിയ സി.3683/17 നം കത്തിൽ 18 കിലോ വാട്ട് ഉൽപ്പാദിപ്പിക്കാൻ ശേഷിയുള്ള ട്രാൻസ്ഫോർമറാണ് പ്രൊജക്ടിന് വേണ്ടതെന്നും എന്നാൽ കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് പരിസരത്ത് 12 കിലോ വാട്ട് ഉള്ള ട്രാൻസ്ഫോർമറാണ് ഉള്ളതെന്നും ആയത് 20 കിലോ വാട്ടായി വർദ്ധിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്നും അറിയിച്ചിട്ടുണ്ട്. വ്യക്തമായ പഠനം നടത്താതെയും ഭൗതിക സാഹചര്യങ്ങൾ പരിഗണിക്കാതെയും പ്രൊജക്റ്റ് ആവിഷ്കരിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടതിന് കെ എസ് ഇ ബി യിൽ നിന്ന് ഫീസിബിലിറ്റി റിപ്പോർട്ട് 06.01.2018 ന് ലഭിച്ചിട്ടുണ്ട് എന്ന് മറുപടി നൽകി. സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് പ്രൊജക്റ്റ് നിർവ്വഹണം പൂർത്തിയാക്കേണ്ടതാണ്.

2. രജിസ്ട്രേഷൻ ഫീസിനത്തിൽ 20000 രൂപ കെ എസ് ഇ ബി യിൽ അടച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട് . എന്നാൽ തുക നൽകിയതിന്റെ വിശദ വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കിയില്ല.

3.കെ എസ് ഇ ബി യിൽ നിന്ന് രജിസ്ട്രേഷൻ രേഖകൾ ലഭിച്ചിട്ടില്ല.

4.കെ എസ് ഇ ബി യുടെ 9.9.2016 ലെ സി ഇ (ആർ ഇ ഇ എസ് )/പ്രൊജക്ട്സ് എ ഇ ഇ 6/സോളാർ -ജനറൽ പരിപത്രം പ്രകാരം രജിസ്റ്റർ ചെയ്യുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സ്കീം അപ്രൂവൽ ആവശ്യമാണ്.ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്ന് സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള അനുമതി നേടിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടതിന് നൽകിയ

മറുപടിയിൽ അപേക്ഷ 15.09.2018 ന് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു.

5.അനർട്ടും ബ്ലോക്ക് പഞ്ചായത്തും തമ്മിൽ 20.6.2018 ന് ഒപ്പിട്ട കരാറിലെ വ്യവസ്ഥ (നമ്പർ 4) പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്ത് 6 മാസത്തിനുള്ളിൽ അനർട്ട് പദ്ധതി നിർവ്വഹണം പൂർത്തീകരിച്ച് നൽകുന്നതാണ്. എന്നാൽ കാലാവധി അവസാനിച്ചെങ്കിലും പ്രൊജക്ട് പൂർത്തീകരിച്ചിട്ടില്ല. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള അനുമതി നേടിയെടുത്ത് പ്രൊജക്ട് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 റോഡ്, ശ്മശാന നിർമ്മാണ സ്ഥലങ്ങളിൽ നിന്നും മണ്ണ് കടത്തൽ - തുടർ നടപടി സ്വീകരിച്ചില്ല.

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ ചാത്തമറ്റം പോത്തൻ ചീനി റോഡ് ഫോർമേഷൻ, ശ്മശാന നിർമ്മാണം എന്നീ സൈറ്റുകളിൽ നിന്ന് കരാറുകാർ അനധികൃതമായി മണ്ണ് കടത്തി. ആയതിന്റെ അടിസ്ഥാനത്തിൽ നഷ്ടത്തുക ഈടാക്കുന്നതിന് തീരുമാനിച്ചെങ്കിലും ആയത് ഈടാക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചില്ല. ഇക്കാര്യങ്ങൾ സംബന്ധിച്ച് 18.02.2019 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 4) അസി:എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ മറുപടി ( നം/തീയതി ഇല്ല) കൂടി പരിഗണിച്ചാണ് ഓഡിറ്റ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്. അപാകതകൾ താഴെ ചേർക്കുന്നു.

1.അസി: എക്സിക്യൂട്ടീവ് എഞ്ചിനീയർ 16.04.2018 ൽ കരാറുകാരനായ ശ്രീ. ഷരീഫ് കെ എ, പേഴക്കാപ്പിള്ളി എന്നയാൾ 264.89 എം ക്യൂബ് മണ്ണും,മറ്റൊരു കരാറുകാരനായ ശ്രീ എ ആർ ചെറിയാൻ 3971.43 എം ക്യൂബ് മണ്ണും സൈറ്റിൽ നിന്ന് കടത്തിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.ആയതിന്റെ വിലയിനത്തിൽ എം ക്യൂബിന് 182.04 രൂപ നിരക്കിൽ യഥാക്രമം 48221രൂപയും 722959 രൂപയും കരാറുകാരിൽ നിന്ന് ഈടാക്കണം എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ തുക ഈടാക്കിയിട്ടില്ല. തുക തിരിച്ചടക്കണമെന്നാവശ്യപ്പെട്ട് കമ്മറ്റിക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടിയിൽ അറിയിച്ചു.

2.കരാറുകാർക്കെതിരെ വകുപ്പ് തല നടപടി സ്വീകരിക്കുന്നതിന് എൽ എസ് ജി ഡി അസി: എക്സിക്യൂട്ടീവ് എഞ്ചിനീയറെ 03/05/2018 ലെ v(1) - ാം നമ്പർ കമ്മറ്റി തീരുമാന പ്രകാരം ചുമതലപ്പെടുത്തി. പ്രസ്തുത കമ്മറ്റി തീരുമാനത്തിൻ മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

3.ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ പോത്താനിക്കാട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസിന്റെ (ക്രൈം നമ്പർ 641/18) നിലവിലെ അവസ്ഥ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയില്ല.

4.പൊതുശ്മശാനം നിർമ്മിക്കുന്ന സ്ഥലം റവന്യൂ വകുപ്പിന്റേതാണെന്ന് കോതമംഗലം തഹസിൽദാർ ( എൽ എ) 23.11.2018 ലെ സി1.10463/18 കത്ത് മുഖാന്തിരം ബ്ലോക്ക് പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.1077/1 /128/14 സർവ്വെ നമ്പറിലുള്ള ഒരേക്കർ വിസ്തീർണ്ണം വരുന്ന പ്രസ്തുത സ്ഥലം റവന്യൂ തരിശ് ആണെന്നും ആയത് ബ്ലോക്ക് പഞ്ചായത്തിനോ, ഗ്രാമ പഞ്ചായത്തിനോ കൈമാറിയതിന്റെ രേഖകൾ പ്രസ്തുത ഓഫീസിൽ ലഭ്യമല്ല എന്നും ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമാണെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കണമെന്നും അറിയിച്ചിട്ടുണ്ട്. സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

5.സ്ഥലം സംബന്ധിച്ച് വിവരങ്ങൾ ആസ്തി രജിസ്റ്റർ, പുറമ്പോക്ക് രജിസ്റ്റർ എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന്റെ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

6.കോതമംഗലം തഹസിൽദാറുടെ (എൽ എ) 12.12.2018 ലെ സി1.10463/18 കത്ത് പ്രകാരം റവന്യൂ തരിശ് ആയതിനാൽ സർവ്വെ നമ്പർ 1077/1/128/14 ൽ പെട്ട സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ തടഞ്ഞിട്ടുണ്ട്. നിലവിൽ നിർമ്മാണം നടക്കുന്നില്ല എന്ന് അസി: എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

പുറമ്പോക്ക് ഭൂമിയിൽ ശ്മശാനം നിർമ്മിച്ചത് സംബന്ധിച്ചും, ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത ശ്മശാന നിർമ്മാണം നടത്തിയത് സംബന്ധിച്ചും 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. (ഖ. 3-1, 16-17 ഓ.റി)

കേസിന്റെ നിലവിലെ അവസ്ഥ പരിശോധിക്കേണ്ടതും ബ്ലോക്ക് പഞ്ചായത്തിന് വന്നിട്ടുള്ള നഷ്ടം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-4 തുക തിരിച്ചടച്ചില്ല

ഇളംബ്ലാശ്ശേരി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിന് ട്രൈബൽ കോർപ്പസ് ഫണ്ടിൽ നിന്ന് ലഭിച്ച തുകയിൽ നിന്ന് അവശേഷിക്കുന്ന തുക തിരിച്ചടച്ചില്ല.2500000 രൂപയാണ് കെട്ടിട നിർമ്മാണത്തിന് ലഭിച്ചത് ആയതിൽ അവശേഷിക്കുന്ന 333851 രൂപ തിരിച്ചടക്കണമെന്നാവശ്യപ്പെട്ട് മൂവാറ്റുപുഴ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ 22.11.2017 ൽ ബി.1164/13 നമ്പർ പ്രകാരം കത്ത് നൽകി.ആയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയുടെ പേരിലുള്ള പഞ്ചാബ് നാഷണൽ ബാങ്കിന്റെ കോതമംഗലം ശാഖയിലെ 4806000100003567 നമ്പർ അക്കൗണ്ടിൽ നിന്ന് തുക പിൻവലിച്ച് 2225-02-800-29 ആർട്ടിക്കിൾ 275 (1)(പ്ലാൻ) എന്ന അക്കൗണ്ടിൽ തിരിച്ചടച്ച് ചലാൻ ഹാജരാക്കണമെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 16/12/2017 ൽ ബി.1571/13 നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇക്കാര്യം സംബന്ധിച്ച് 20.02.2019 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 6) 20.02.2019 ൽ നൽകിയ മറുപടിയിൽ തുക തിരിച്ചടക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. കാലതാമസം കൂടാതെ തുക തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ക്ഷേമനിധി വിഹിതം- കളക്ഷൻ ചാർജ്ജ് - ഈടാക്കുന്നില്ല

1996 ലെ കേരള കൺസ്ട്രക്ഷൻ ആന്റ് അതർ വർക്കേഴ്സ് വെൽഫെയർ സെസ് ആക്റ്റ്, സെക്ഷൻ 3(1), 3(2) പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ 1%ൽ കുറയാത്ത തുക (പരമാവധി 2%) ഈടാക്കി കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ അടവാക്കേണ്ടതാണ്. സെക്ഷൻ 3(3) പ്രകാരം ഇങ്ങനെ അടവാക്കുന്ന തുകയുടെ 1% ൽ കുറയാത്ത തുക തൊഴിൽ ദാതാവിന് കളക്ഷൻ ചാർജ്ജായി അർഹതപ്പെട്ടതാണ്. കോതമംഗലം ബ്ലോക്ക് പഞ്ചായത്തിൽ ഇപ്രകാരം കളക്ഷൻ ചാർജ് ഈടാക്കുന്നില്ല. ഇക്കാര്യം സംബന്ധിച്ച് 20.02.2019 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 7) 20.02.2019 ൽ നൽകിയ മറുപടിയിൽ കളക്ഷൻ ചാർജ് ഈടാക്കുന്നില്ല എന്നറിയിച്ചു . 2017-18 ലെ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതത്തിന്റെ വിവരം താഴെ ചേർക്കുന്നു.

.

| | |
|---|---|
| ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം | 455086 രൂപ |
| അടവാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം | 455086 രൂപ |
| ഈടാക്കേണ്ട കളക്ഷൻ ചാർജ്ജ് | 4551 രൂപ |

കളക്ഷൻ ചാർജ്ജ് ഇനത്തിൽ ലഭിക്കേണ്ട തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 മരാമത്ത് പ്രവൃത്തികൾ - നടപടികളുടെ വിവരം ലഭ്യമല്ല

(1) എഗ്രിമെന്റ് വെച്ച പ്രൊജക്ടുകൾ നടപ്പാക്കുന്നില്ല

കരാറുകാർ ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ നിയമ നടപടികളും ഇതര നടപടികളും സ്വീകരിക്കണമെന്ന് ബ്ലോക്ക് പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. താഴെ പറയുന്ന പ്രൊജക്ടുകൾ സംബന്ധിച്ച് ഇപ്രകാരം സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല.

| ക്രമ നം | പ്രൊജക്ടിന്റെ പേര് | കമ്മറ്റി തീരുമാന നം | ലഭ്യമാക്കേണ്ട രേഖ |
|---|---|---|---|
| 1 | വാളാച്ചിറ മക്കാ മസ്ജിദ് മണികിണർ റോഡ് | 103/177, 23.05.2017 എഗ്രിമെന്റ് വെച്ച പ്രൊജക്ടുകൾ പോലും സമയബന്ധിതമായി ആരംഭിക്കുന്നതിന് സാധിച്ചിട്ടില്ല. പദ്ധതികൾ അനന്തമായി നീട്ടിക്കൊണ്ട് പോകുന്നതിനെതിരെ നിയമ നടപടികൾ സ്വീകരിക്കണമെന്ന് മെമ്പർമാർ അറിയിച്ചു. 26.05.2017 നകം റിപ്പോർട്ട് നൽകാൻ അസി: എക്സി: എഞ്ചിനീയർക്ക് നിർദ്ദേശം നൽകി | അസി: എക്സി: എഞ്ചിനീയറുടെ റിപ്പോർട്ട് |
| 2 | നെല്ലിക്കുഴി പൂക്കുഴി മോളം എസ് സി കോളനി സമഗ്ര വികസനം | | |
| 3 | വാലത്തും പടി കൊള്ളിക്കാട് റോഡ് വട്ടമുടി എസ് സി കോളനി റോഡ് കോൺക്രീറ്റിംഗ് | | |

(2) നഷ്ടം ഈടാക്കിയ വിവരം ലഭ്യമാക്കിയില്ല

2017-18 ലെ പ്രൊജക്ട് നം 157 പ്രകാരമുള്ള നെല്ലിക്കുഴി പഞ്ചായത്ത് 6-ാം വാർഡ് മുല്ലേക്കാവ് ചെക്ക് ഡാം നിർമ്മാണം പദ്ധതിയുടെ കരാറുകാരനായ ശ്രീ ബിനോയ് പിറ്റിയിൽ നിന്ന് പദ്ധതിയുമായി ബന്ധപ്പെട്ട നഷ് ട്ടത്തുക ഈടാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി 4.1.2017 ൽ 1(4) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. കൂടാതെ അടുത്ത കരാറുകാരന് പ്രവൃത്തി നൽകുന്നതിനും തീരുമാനിച്ചു. ആയത് സംബന്ധിച്ച് സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചുവെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയില്ല.

(3) ആർ ആർ നടപടി വിവരം ലഭ്യമാക്കിയില്ല.

കോട്ടപ്പടി പഞ്ചായത്തിലെ മുത്തൂർ കുടിവെള്ള പദ്ധതിയുടെ കൺവീനർക്കെതിരെയുള്ള ആർ ആർ നടപടിയുടെ വിവരം ലഭ്യമാക്കണമെന്ന് ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി 23.05.2017 ലെ 114 A/17 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ വിശദ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ധനകാര്യ പത്രിക RP 31, കോഡ് നമ്പർ 320700103 ൽ രൂപ 47777098 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിശദ വിവരം ഓഡിറ്റ് എൻക്വയറി മുഖാന്തിരം ( നം 8/21.2.2019) ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

. ധനകാര്യ പത്രിക B-18 ഷെഡ്യൂളിൽ കോഡ് നമ്പർ 460500210 ൽ 528000 രൂപ കേരള വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദ വിവരം ഓഡിറ്റ് എൻക്വയറി മുഖാന്തിരം ( നം 8/21.2.2019) ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

. മരാമത്ത് പ്രവൃത്തികൾക്ക് 2017-18വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

. ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ - ഭവന പദ്ധതി | GO(MS) No. 90/13/lsgd തീ.14/3/2013 | 1,14,00,000 | 77,60,000 | - | - | 77,60,000 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2000-01, 2001-02 | 20 | 2004-05 | 7.II.1.1 | പദ്ധതി നിർവ്വഹണ ചെലവ് -അധികം ചെലവാക്കിയത് | തീർപ്പാക്കിയിട്ടില്ല |

## 4-8 ചാർജ്- സർചാർജ് നടപടികളുടെ വിവരം

ഓഡിറ്റ് വർഷം ചാർജ്/സർചാർജ് ഇനത്തിനൽ തുയൊന്നും അടവില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 107819556 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 115655327 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 മുതൽ 2004-05 വരെ | എൽ.എഫ്.ഇ.(സി.1)2134/11(അദാലത്ത് റപ്പോർട്ട്), 23-11-2011 |
| 2008-09 | എൽ.എഫ്.ഇ.(സി.1)463/11,17-1-12 |
| 2009-10 | എൽ.എഫ്.ഇ.(ബി.പി.1)289/12,15-9-12 |
| 2010-11<br>2011-12 | എൽ.എഫ്.ഇ.(ബി.പി.1)1979/13,27-11-13 |
| 2012-13 | എൽ.എഫ്.ഇ.(ബി.പി.1 )294/14,14-5-14 |
| 2013-14<br>14-15 | കെ.എസ്.എ.ഇ.കെ.എം(ബി.പി)1573/16,4.10.16 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(ബി.പി)331/17, 27.3.17/6.5.17 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(ബി.പി)2214/17, 15.11..17 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം

.

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030
ഫോൺ 0484 2422271
email:doekm.ksad@kerala.gov.in
തീയതി .07.03.2019

നം.കെ.എസ്.എ.-ഇ കെ എം(ബിപി)290/2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ

അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രേളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

ജോയിന്റ് ഡയറക്ടർ

.

സമ്പൂർണ്ണ ശുചിത്വം, ടി.എസ്.ബി, സ്പെഷ്യൽ ടി.എസ്.ബി എന്നീ അക്കൌണ്ടുകളുടെ റീകൺസീലിയേഷൻ നടത്തി വർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

ജോയിന്റ് ഡയറക്ടർ